ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽപുത്തൂർ
ബെദ്രഡ്ക്ക.പി.ഒ – 671124, കാസറഗോഡ് ജില്ലEmail : thsmogralputhur@gmail.com

നം:A3/1513/22/THS-MGRLR (ii) തീയ്യതി:21/08/2026

പ്രേക്ഷകൻ

സൂപ്രണ്ട്

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം -ഗവ.ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽ പുത്തൂർ - ഗവ:ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൌണ്ടിൽ അപകടഭീഷണി ഉയർത്തി നിൽക്കുന്ന രണ്ട് കാറ്റാടി മരങ്ങളും അതിൻറെ ബ്രാഞ്ച് മരവും (ആകെ മൂന്ന് കാറ്റാടി മരങ്ങൾ), ഒരു ഉപ്പിലിങ്ങ മരവും മുറിച്ച് നീക്കം ചെയ്യുന്നത് - പുനർ ലേല നോട്ടീസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് -സംബന്ധിച്ച്

സൂചന:-സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 28/07/2026 തീയ്യതിയിലെ നം:DTETVM/5056/2025-D7 നമ്പർ ഉത്തരവ്
2.കാസറഗോഡ്, സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 26/07/2024 തീയ്യതിയിലെ നം:ഇ-30340/24നമ്പർ കത്ത്
3.ഇതേ ഫയൽ നമ്പറിൽ 21/08/2026 തീയ്യതിയിൽ പുറപ്പെടുവിച്ച ലേല നോട്ടീസ്

*********

ഈ വിദ്യാലയത്തിലെ കോമ്പൌണ്ടിൽ അപകടഭീഷണി ഉയർത്തി നിൽക്കുന്ന രണ്ട് കാറ്റാടി മരങ്ങളും അതിൻറെ ബ്രാഞ്ച് മരവും (ആകെ മൂന്ന് കാറ്റാടി മരങ്ങൾ), ഒരു ഉപ്പിലിങ്ങ മരവും മുറിച്ച് മാറ്റുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള ലേലം തീരുമാനിച്ച 20/08/2026 ന് ആരും ഹാജരാകാത്തതിനാൽ, ഇതേ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി പുനർ ലേലം തീരുമാനിച്ച 01/09/2026തീയ്യതിയിലെ പുനർ ലേല നോട്ടീസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഉള്ളടക്കം: പുനർ ലേല നോട്ടീസ്

വിശ്വസ്തതയോടെ

ANISH A P

SUPERINTENDENT, THS

Digitally signed by
Anish A P
Date: 22-08-2026
14:22:21

**ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽപുത്തൂർ**
ബെദ്രഡ്ക്ക.പി.ഒ – 671124, കാസറഗോഡ് ജില്ലEmail : thsmogralputhur@gmail.com

നം:A3/1513/22/THS-MGRLR തീയ്യതി: 21.08.2026

## <u>പുനർ ലേല/ ക്വട്ടേഷൻ നോട്ടീസ്</u>

മൊഗ്രാൽപുത്തൂർ ഗവ:ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൌണ്ടിൽ അപകടഭീഷണി ഉയർത്തി നിൽക്കുന്ന രണ്ട് കാറ്റാടി മരങ്ങളും അതിൻറെ ബ്രാഞ്ച് മരവും (ആകെ മൂന്ന് കാറ്റാടി മരങ്ങൾ), ഒരു ഉപ്പിലിങ്ങ മരവും **01.09.2026 ന് രാവിലെ 11.30 മണിക്ക്** സ്കൂൾ കോമ്പൌണ്ടിൽ വെച്ച് പരസ്യമായി ലേലം ചെയ്യും ക്വട്ടേഷൻ സ്വീകരിച്ചും വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | സ്ഥലം | മരത്തിന്റെ ഇനം | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഗവ:ടെക്നിക്കൽ ഹൈസ്കൂൾ മൊഗ്രാൽപുത്തൂർ | കാറ്റാടി മരവും അതിൻറെ ബ്രാഞ്ച് മരവും | 3 എണ്ണം (2 കാറ്റാടി മരവും 1 ബ്രാഞ്ച് മരവും) | മുറിച്ച് നീക്കം ചെയ്യുന്നതിന് |
| 2 | | ഉപ്പിലിങ്ങ മരം | 1 എണ്ണം | |

### <u>നിബന്ധനകൾ</u>

1.ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം **01.09.2026 ന് രാവിലെ 11.00 മണിക്ക് മുമ്പായി Rs.100/- (നൂറ് രൂപ മാത്രം) നിരതദ്രവ്യം** ഈ സ്കൂൾ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേലദിവസം രാവിലെ 11.00 മണിക്ക് മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2.ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ പകുതി തുക അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക അനുബന്ധ നികുതികൾ സഹിതംഅടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാ ങ്ങേണ്ടതാണ്.

3.ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി സംഖ്യയായ അന്നേദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്.ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്

4.ലേലത്തിൽ പിടിച്ച മരങ്ങൾ മുറിക്കാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം ഈ വിദ്യാലയത്തിലെ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ കേടുപാടുകൾ കൂടാതെ മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്.അല്ലാത്ത പക്ഷം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിയമവിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തി ലഭിച്ചാൽ ഉടൻ

തന്നെ സ്വന്തം ചെലവിൽ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ മറ്റ് വൃക്ഷങ്ങൾക്കോ പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ സ്വത്തുവകൾക്കോ യാതൊരുവിധമായ നഷ്ടവും ഉണ്ടാക്കാതെ മരങ്ങൾ മുറിക്കേണ്ടതും തടി നീക്കം ചെയ്യേണ്ടതുമാണ്.

5.മരങ്ങൾ മുറിക്കുന്നതിന് മുമ്പ് മരങ്ങളിൽ പക്ഷിക്കൂട് ഇല്ല എന്നും , പക്ഷികൾ വസിക്കുന്നില്ല എന്നും, വിശ്രമിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.മരങ്ങൾ മുറിക്കുമ്പോൾ, വിദ്യാർത്ഥികൾക്കോ ജീവനക്കാർക്കോ പക്ഷികൾക്കോ മറ്റു ജന്തുജാലങ്ങൾക്കോ യാതൊരു വിധ ആപത്തോ ശല്യങ്ങളോ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6.ലേലം/ക്വട്ടേഷൻ വിളിച്ചയാൾ, ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (GST) ലേലസംഖ്യയുടെ 5% വനവികസന നികുതിയായും 2.5% ആദായ നികുതിയും ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

7.ലേലം ഉറപ്പിക്കുവാനോ മാറ്റിവെയ്ക്കുവാനോ പുനർ ലേലം നടത്തുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ ടെക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ടിൽ (സ്ഥാപന മേധാവി) നിക്ഷിപ്തമാണ്.ലേലം/ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

8.മുറിച്ച് ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഈ ടെക്നിക്കൽ ഹൈ സ്കൂളിലെ നിശ്ചിത പ്രദേശങ്ങളിൽ വന്ന് പരിശോധിക്കാവുന്നതാണ്.ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ സ്കൂൾ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

9.അവിചാരിതമായ കാരണങ്ങളാൽ ലേലം മാറ്റി വെക്കുന്നതിന് ഈ ലേല നോട്ടീസിൽ അടിയിൽ ഒപ്പിട്ടിരിക്കുന്നയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ANISH A P

SUPERINTENDENT, THS

പകർപ്പ്

1.അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം

സാമൂഹ്യ വനവൽക്കരണ വിഭാഗം,കാസറഗോഡ്

ഉദയഗിരി, വിദ്യാനഗർ (പി.ഒ)-671121

2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,സിവിൽ സ്റ്റേഷൻ,കാസറഗോഡ്
(എല്ലാ പത്ര ദൃശ്യ മാദ്ധ്യമങ്ങളിലും പ്രാദേശികമായും പൊതുവായും പരസ്യം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനായി)

3. മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്

4.കുഡ് ലു വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്

5.മൊഗ്രാൽപുത്തൂർ , കൃഷിഭവൻ നോട്ടീസ് ബോർഡ്

6. ഹോസ് ദുർഗ് താലൂക്ക് ഓഫീസ് നോട്ടീസ് ബോർഡ്

7.സാങ്കേതിക വിദ്യഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ്

(www.dtekerala.gov.in)

8. സ്ഥാപനത്തിൻറെ നോട്ടീസ് ബോർഡ്

9.പ്രസ്സ് ക്ലബ്ബ്, കാസറഗോഡ്

10.നടപ്പ് ഫയൽ/കരുതൽ സഞ്ചയം

Digitally signed by
Anish A P
Date: 22-08-2026
14:57:05